Lalith Babu

**പബ്ലിക് അതോറിറ്റി എന്ന വിഭാഗത്തിൽപ്പെടാത്ത സ്ഥാപന ത്തിലുള്ള വിവരം ഏതെങ്കിലും നിയമപ്രകാരം ഒരു പബ്ലിക് അതോറിറ്റിക്ക് പ്രാപ്യമാക്കാൻ കഴിയുമെങ്കിൽ ആ വിവരം വാങ്ങി അപേക്ഷകന് നൽകാനുള്ള അധികാരം പബ്ലിക് അതോറിറ്റിക്കുണ്ട്**

5. ഒരു സ്വകാര്യ സ്ഥാപനത്തിന്റെ കൈവശം ലഭ്യമായ വിവരം ഒരു പബ്ലിക് അതോറിറ്റിക്ക് മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾപ്രകാരം പ്രാപ്യ മാക്കാൻ കഴിയുമെങ്കിൽ ആ വിവരം വിവരാവകാശ നിയമപ്രകാരം 'വിവരം' എന്ന നിർവ്വചനത്തിൽപെടുന്നതാണ്. ഈ 'വിവരം' ലഭിക്കുന്നതിന് ആ വിവരം ആവശ്യപ്പെടാൻ മറ്റേതെങ്കിലും നിയമപ്രകാരം അധികാരമുള്ള പബ്ലിക് അതോറിറ്റിയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.